പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2014-2016)

## ഇരുപത്തിയൊൻപതാമത് റിപ്പോർട്ട്

(2015 ഡിസംബർ 15-ാം തീയതി സമർപ്പിച്ചത്)

## പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2014-2016)

## ഇരുപത്തിയൊൻപതാമത് റിപ്പോർട്ട്

(2015 ഡിസംബർ 15-ാം തീയതി സമർപ്പിച്ചത്)

**പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

11/2016.

## ഉള്ളടക്കം

| | | | |
|---|---|---|---|
| | | | പേജ് |
| സമിതിയുടെ ഘടന | | .. | v |
| അവതാരിക | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അദ്ധ്യായം I | | .. | 1 |
| അദ്ധ്യായം II | : സമിതി ശിപാർശകളും അവയ്ക്ക് ലഭിച്ച സർക്കാർ മറുപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |
| അദ്ധ്യായം III | : സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും സമിതിയുടെ തുടർ ശിപാർശകളും | .. | 10 |
| അനുബന്ധം 1 | : എസ്.ആർ.ഒ. നമ്പർ 450/2015 | .. | 12 |
| അനുബന്ധം 2 | : എസ്.ആർ.ഒ. നമ്പർ 448/2015 | .. | 14 |
| അനുബന്ധം 3 | : എസ്.ആർ.ഒ. നമ്പർ 449/2015 | .. | 21 |
| അനുബന്ധം 4 | : എസ്.ആർ.ഒ. നമ്പർ 447/2015 | .. | 23 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2014-2016)

**ഘടന**

ചെയർമാൻ :

ശ്രീ. എം. ഉമ്മർ

അംഗങ്ങൾ :

ശ്രീ. വി. ചെന്താമരാക്ഷൻ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. ഹൈബി ഈഡൻ

ശ്രീ. ലൂഡി ലൂയിസ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. സാജു പോൾ

ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. വി. ശിവൻകുട്ടി

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. തുളസീധരൻ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ പതിനാലാമത് റിപ്പോർട്ട് 2013 ജൂലൈ 8-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി സമിതിയുടെ 24-11-2015-ലെ യോഗത്തിൽ പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ഡിസംബർ 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ഉമ്മർ,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

## അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)യുടെ പതിനാലാമത് റിപ്പോർട്ട് 2013 ജൂലൈ 8-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. 2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ആക്ടിൻകീഴിൽ പുറപ്പെടുവിച്ച 486/2007, 515/2007, 28/2008, 560/2008 എന്നീ എസ്.ആർ.ഒ.കൾ സമിതിയുടെ 5-6-2013-ന് ചേർന്ന യോഗം സൂക്ഷ്മപരിശോധന നടത്തുകയും നിയമം, തൊഴിലും നൈപുണ്യവും എന്നീ വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. എസ്.ആർ.ഒ.കളുടെ വിശദമായ പരിശോധനയിലൂടെയും തെളിവെടുപ്പിന്റെയും വെളിച്ചത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ 31 ശിപാർശകൾ ഉണ്ടായിരുന്നു. ഈ 31 ശിപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച മറുപടി 6-10-2015-ലെ 12334/ജെ2/2013/തൊഴിൽ നമ്പർ കത്ത് മുഖേന സമിതിക്ക് ലഭിക്കുകയുണ്ടായി. ആയത് സമിതിയുടെ 24-11-2015-ലെ യോഗത്തിൽ പരിഗണിച്ചു. സമിതി ശിപാർശകളും അവയ്ക്ക് സർക്കാർ സ്വീകരിച്ച നടപടിയും സമിതി അംഗീകരിച്ചത് അദ്ധ്യായം II-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. റിപ്പോർട്ടിലെ 9-ാമത് ഖണ്ഡികയിലെ ശിപാർശ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. കൂടാതെ ഖണ്ഡിക 34-ലെ ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയത് സമിതി ശിപാർശ ചെയ്ത പ്രകാരമല്ല. ഈ രണ്ട് ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടിയും സമിതിയുടെ തുടർ ശിപാർശയും അദ്ധ്യായം III-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച എസ്.ആർ.ഒ.കൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതി ശിപാർശകളും അവയ്ക്ക് ലഭിച്ച സർക്കാർ മറുപടികളിൽ സമിതി അംഗീകരിച്ചവ

### ഖണ്ഡിക 3, 4, 5

**S.R.O. No. 515/2007 dated 14-6-2007**

**G.O. (P) No. 69/2007/LBR dated 6-6-2007**

3. By this S.R.O., Government in exercise of the powers conferred by section 4 of the Kerala Handloom Workers' Welfare Cess Act, 2007, have appointed the Officers of the Labour Department as Assessing Officers.

4. The Committee notices that in the preamble and explanatory note of this S.R.O. apostrophe mark is omitted after the word 'Workers'. *The Committee wants to take firm steps to avoid such instances in future.*

5. The word 'Welfare' is seen omitted in the name of the Act mentioned in the explanatory part of the S.R.O. The Committee opines that in statutory notifications the name of the Act must be mentioned correctly. *The Committee takes strong exception to repetition of such mistakes in statutory notifications and wants to issue erratum notification in this regard.*

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

സമിതി ശിപാർശ പ്രകാരം S.R.O. No. 515/2007 തീയതി 14-6-2007 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന് ശിപാർശ പ്രകാരം S.R.O. No. 450/2015 തീയതി 8-7-2015 ആയി തിരുത്തൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട് (അനുബന്ധം 1).

<u>ഖണ്ഡിക 6 മുതൽ 33 വരെ</u>

**എസ്.ആർ.ഒ. നമ്പർ 28/2008 തീയതി 8-1-2008**

**ജി.ഒ. (പി) നമ്പർ 6/2008/തൊഴിൽ തീയതി 4-1-2008**

6. 2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ആക്ടിലെ 18-ാം വകുപ്പിലെ (1)-ാം ഉപവകുപ്പുപ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് 2008-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ പുറപ്പെടുവിച്ചു കൊണ്ടുള്ളതാണ് പ്രസ്തുത എസ്.ആർ.ഒ.

7. ചട്ടം 3(1)-ലെ "ആക്ടിലെ 3-ാം വകുപ്പുപ്രകാരം സെസ്സ് അടയ്ക്കുവാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു സാമ്പത്തിക വർഷത്തെ തന്റെ മൊത്തവിൽപ്പനത്തുക കാണിച്ച് ഫോറം 1-ലെ റിട്ടേൺ അസസ്സിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്" എന്നതിൽ മുൻസാമ്പത്തിക വർഷത്തെ റിട്ടേൺ ആണ് സമർപ്പിക്കേണ്ടത് എന്നുള്ളതുകൊണ്ട് <u>"ആക്ടിലെ 3-ാം വകുപ്പുപ്രകാരം സെസ്സ് അടയ്ക്കുവാൻ ബാദ്ധ്യസ്ഥനായ ഓരോ വ്യാപാരിയും മുൻസാമ്പത്തിക വർഷത്തെ തന്റെ മൊത്തവിൽപ്പനത്തുക കാണിച്ച് ഫോറം 1-ലെ റിട്ടേൺ അസസ്സിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ് "എന്ന് തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.</u>

8. ചട്ടം 3(2)-ൽ "മുൻസാമ്പത്തിക വർഷത്തെ മൊത്തവിൽപ്പനത്തുകയും സെസ്സ് അടച്ചതിന്റെ വിശദാംശങ്ങളുമടങ്ങിയ റിട്ടേൺ ഏപ്രിൽ 15-ാം തീയതിക്കുമുമ്പ് " എന്നത് കൂടുതൽ വ്യക്തത വരുത്തുന്നതിനായി <u>"മുൻസാമ്പത്തിക വർഷത്തെ</u>

മൊത്തവിൽപ്പനത്തുകയും സെസ്സ് അടച്ചതിന്റെ വിശദാംശങ്ങളുമടങ്ങിയ റിട്ടേൺ എല്ലാവർഷവും ഏപ്രിൽ 15-ാം തീയതിക്കുമുമ്പ് " എന്ന് ഭേദഗതി ചെയ്യുണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. ആക്ടിലെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "3-ാം വകുപ്പ് പ്രകാരം സെസ്സ് നൽകാൻ ബാദ്ധ്യസ്ഥനായ ഏതൊരു വ്യാപാരിയും, 7-ാം വകുപ്പ് പ്രകാരം ഏറ്റവും അവസാനമായി സെസ്സ് തിട്ടപ്പെടുത്തിയതനുസരിച്ച് വാർഷികമായി അയാൾ നൽകേണ്ട തുകയുടെ പന്ത്രണ്ടിൽ ഒരു ഭാഗത്തിന് തുല്യമായ തുക എല്ലാ മാസവും 10-ാം തീയതിക്കോ അതിന് മുൻപായോ മുൻകൂർ സെസ്സായി നൽകേണ്ടതാണ് " എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ചട്ടം 4(1)-ൽ "ആക്ടിലെ 8-ാം വകുപ്പ് പ്രകാരം.... അടുത്ത മാസം 10-ാം തീയതിക്കകം തുക നൽകേണ്ടതാണ് " എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മുൻകൂർ സെസ്സ് അടയ്ക്കുന്നത് സംബന്ധിച്ച ചട്ടം 4(1)-ൽ വ്യക്തതയില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. "അടുത്ത മാസം 10-ാം തീയതിക്കകം" എന്നതിനുപകരം ആക്ടിലേതുപോലെ "എല്ലാ മാസവും 10-ാം തീയതിക്കകം" എന്ന് ചേർക്കുന്നതാണ് ഉചിതമെന്ന് സമിതി കരുതുന്നതിനാൽ അപ്രകാരം മാറ്റംവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. ചട്ടം 5(2)-ൽ "ഉപചട്ടം (1) പ്രകാരം .......... ആക്ടിലെ 3-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ഫണ്ടിലേക്ക് അർഹതപ്പെട്ട തുക നിർണ്ണയിക്കേണ്ടതും ആയത് അടുത്ത വർഷം ജൂൺ 30-ാം തീയതിക്കകം അനുവദിക്കേണ്ടതുമാണ് " എന്നും ആക്ടിലെ 3-ാം വകുപ്പിലെ (5)-ാം ഉപവകുപ്പിൽ " ......... ബോർഡിന്റെ ഫണ്ടിലേക്ക് ജൂൺ 30-ാം തീയതിക്കുമുമ്പായും നിർണ്ണയിക്കപ്പെടാവുന്ന അത്തരം രീതിയിൽ നൽകേണ്ടതാണ് " എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നതിൽ ചട്ടപ്രകാരം "അടുത്ത വർഷം ജൂൺ 30-ാം തീയതിക്കുമുമ്പായും" വകുപ്പ് പ്രകാരം "ജൂൺ 30-ാം തീയതിക്കു മുമ്പായും" എന്നും പറഞ്ഞിരിക്കുന്നതിൽ വ്യക്തത ഇല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ചട്ടം 5(2)-ലെ "അടുത്തവർഷം" എന്ന വാക്ക് ഒഴിവാക്കി ചട്ടം ഭേദഗതി ചെയ്യുണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. ഫാറം 1-ന്റെ തലക്കെട്ട് "വിറ്റുവരവും സെസ്സും സംബന്ധിച്ച റിട്ടേൺ " എന്നതിന് പകരം "വാർഷിക വിറ്റുവരവും സെസ്സും സംബന്ധിച്ച റിട്ടേൺ" എന്ന് മാറ്റം വരുത്തണമെന്നും ഫാറം 1-ൽ കാലയളവിന് താഴെയായി "മുതൽ .......... വരെ........." എന്നത് "........, മുതൽ .......... വരെ" എന്നും " ചെലാൻ ഡി.ഡി. നമ്പർ "എന്നത് "ചെലാൻ/ഡി.ഡി. നമ്പർ " എന്നും തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. ഫാറം I-ലും I എ-യിലും II-ലും വ്യാപാരിയുടെ ഒപ്പിന് താഴെയായി "വ്യാപാരിയുടെ പേരും ഒപ്പും" എന്ന് ചേർക്കണമെന്നും ഫാറം I-ലെ സത്യപ്രസ്താവനയും കുറിപ്പും ഫാറം I എ-യിലും ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. <u>ഫാറം I എ-യിൽ I-ാമത്തെ കോളത്തിൽ " സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന വിറ്റുവരവോ' ......... വർഷത്തേക്ക് തിട്ടപ്പെടുത്തിയ വിറ്റുവരവോ" എന്നത് "നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന വിറ്റുവരവോ മുൻ വർഷത്തേക്ക് തിട്ടപ്പെടുത്തിയ വിറ്റുവരവോ" എന്നും "മാസം" എന്നത് "മാസവും വർഷവും" എന്നും തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

15. ചട്ടം 6(1) പ്രകാരമുള്ള പ്രതിദിന വിൽപ്പനത്തുക കാണിക്കുന്ന ഫോറം II-ലെ 3-ാമത്തെ കോളത്തിൽ "ദിവസത്തെ മൊത്തം വിറ്റുവരവു തുക" എന്നും 4-ാമത്തെ കോളത്തിൽ "നിയമത്തിന്റെ പരിധിയിൽ വരുന്ന വിറ്റുവരവു തുക" എന്നും പറഞ്ഞിരിക്കുന്നു. ഫോറം II-ലെ 4-ാമത്തെ കോളത്തിലെ "നിയമത്തിന്റെ പരിധിയിൽവരുന്ന വിറ്റുവരവു തുക" എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നതെന്നും ഇതിൽ ഒരു വ്യക്തത വേണ്ടേയെന്നും സമിതി ആരാഞ്ഞിരുന്നു. സമിതിയോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് വ്യക്തമായ ഒരു വിശദീകരണം നൽകാൻ കഴിഞ്ഞില്ല. ഈ അവ്യക്തതമൂലമാണ് സെസ്സ് നഷ്ടപ്പെടുന്നതെന്നും സമിതിക്ക് അഭിപ്രായമുണ്ട്. <u>ആയതിനാൽ "നിയമത്തിന്റെ പരിധിയിൽ വരുന്ന വിറ്റുവരവു തുക" എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് സമിതിയെ അറിയിക്കണമെന്നും ആ കോളം ആവശ്യമില്ലാത്തതാണെങ്കിൽ അത് ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

16. ചട്ടം 6(3) പ്രകാരം "അസസ്സിംഗ് ഓഫീസറോ മറ്റേതെങ്കിലും അധികാരപ്പെടുത്തിയ ഓഫീസറോ വ്യാപാരിയുടെ സ്ഥാപനത്തിൽ സന്ദർശനം നടത്തുമ്പോൾ കാണുന്ന അഭിപ്രായങ്ങളും തെറ്റുകളും രേഖപ്പെടുത്തുന്നതിന് ഓരോ വ്യാപാരിയും വിസിറ്റ് ബുക്ക് സൂക്ഷിക്കേണ്ടതാണ് ". എന്നാൽ വിസിറ്റ് ബുക്കിന്റെ മാതൃക ചട്ടങ്ങളിൽ ചേർക്കേണ്ടതല്ലേയെന്നും വിസിറ്റ് ബുക്ക് വയ്ക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്നും ഒരു ഓഫീസർ കട പരിശോധന നടത്തുമ്പോൾ വിസിറ്റ് ബുക്കിൽ അഭിപ്രായം രേഖപ്പെടുത്തേണ്ടതല്ലേയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് വിസിറ്റ് ബുക്കിന് വളരെ പ്രാധാന്യമില്ലാത്തതുകൊണ്ടും നിർദ്ദേശങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അത് രേഖപ്പെടുത്താൻവേണ്ടി മാത്രമായതുകൊണ്ടും ആയതിന് പ്രത്യേക മാതൃക ആവശ്യമില്ലായെന്നും ഒരു ചട്ടത്തിലും വിസിറ്റ് ബുക്കിന്റെ മാതൃക ചേർക്കാറില്ലെന്നും നിയമവകുപ്പുദ്യോഗസ്ഥ മറുപടി നൽകിയിരുന്നു. ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ് പ്രകാരം സ്റ്റാറ്റ്യൂട്ടറി ആയി പല രജിസ്റ്ററുകളും ബുക്കുകളും വ്യാപാരി സൂക്ഷിക്കേണ്ടതായിട്ടുണ്ടെന്നും പരിശോധന നടത്തുമ്പോൾ കണ്ടെത്തുന്ന പിശകുകൾ ആ രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ടെന്നും അതിൽ കൂടുതലായി എന്തെങ്കിലും രേഖപ്പെടുത്താനുണ്ടെങ്കിൽ ആയത് രേഖപ്പെടുത്താനാണ് വിസിറ്റ് ബുക്ക് വച്ചിരിക്കുന്ന തെന്നും ഡിസ്ക്രിപ്ഷൻ ബുക്കാണെങ്കിലും അഭിപ്രായങ്ങളും തെറ്റുകളും രേഖപ്പെടുത്തി

യിട്ടുണ്ടെങ്കിൽ അറിയാൻ സാധിക്കുമെന്നും പക്ഷേ വ്യാപാരികളുടെ സ്ഥാപനത്തിൽ സന്ദർശനം നടത്തുമ്പോൾ ഇത്തരം ബുക്കുകൾ അവിടെ ഉണ്ടാകാറില്ലെന്നും അത് ഓഡിറ്ററുടെയോ അക്കൗണ്ടന്റിന്റെയോ ഓഫീസിലിരിക്കുകയാണെന്ന് പറയുമെന്നും ഓരോ വ്യാപാരിയും വിസിറ്റ് ബുക്ക് വയ്ക്കാനുള്ള നടപടി സ്വീകരിക്കാമെന്നും ജോയിന്റ് ലേബർ കമ്മീഷണർ തുടർ മറുപടി നൽകുകയുണ്ടായി.

17. ഓരോ വ്യാപാരിയുടെയും വിസിറ്റ് ബുക്ക് അസസ്സിംഗ് അതോറിറ്റി കൗണ്ടർസൈൻ ചെയ്യുകയും പേജ് നമ്പരിട്ട് ക്ലിപ്തപ്പെടുത്തി എന്നു മുതലാണ് തുടങ്ങുന്നതെന്ന തീയതിയിട്ടും വേണം സൂക്ഷിക്കേണ്ടതെന്ന് സമിതി അഭിപ്രായപ്പെടുന്നു. അത്തരത്തിൽ വിസിറ്റ് ബുക്കിന്റെ മാതൃക തയ്യാറാക്കി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

18. ചട്ടം 6(3)-ലെ " ........... വ്യാപാരിയുടെ സ്ഥാപനത്തിൽ സന്ദർശനം നടത്തുമ്പോൾ കാണുന്ന തെറ്റുകളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിന്" എന്നത് " ................ വ്യാപാരിയുടെ സ്ഥാപനത്തിൽ പരിശോധന നടത്തുമ്പോൾ കാണുന്ന സെസ്സ് അടവും രേഖകൾ സൂക്ഷിക്കുന്നതു സംബന്ധിച്ചുള്ള ന്യൂനതകളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിന്" എന്ന് മാറ്റം വരുത്തുന്നതാണ് ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ അത്തരത്തിൽ ചട്ടം 6(3) ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. ചട്ടം 6 രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് സംബന്ധിച്ച് ആയതിനാൽ "രജിസ്റ്ററുകളും രേഖകളും"എന്ന തലക്കെട്ടിനു പകരം "രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ്" എന്നാക്കി മാറ്റാൻ സമിതി ശിപാർശ ചെയ്യുന്നു.

20. ചട്ടം 6(5) പ്രകാരം "ഈ ചട്ടങ്ങൾ പ്രകാരം സൂക്ഷിക്കേണ്ട ......... രേഖപ്പെടുത്തിയശേഷം 10 വർഷം സൂക്ഷിച്ചിരിക്കേണ്ടതാണ്" എന്നതിൽ " രേഖപ്പെടുത്തിയ ശേഷം" എന്നത് "വിവരങ്ങൾ അവസാനമായി രേഖപ്പെടുത്തിയ ശേഷം" എന്ന് മാറ്റം വരുത്തുന്നതാണ് ഉചിതമെന്ന് സമിതി കരുതുന്നു. അത്തരത്തിൽ ചട്ടം 6(5) ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. ചട്ടം 6(6) പ്രകാരമുള്ള ഫാറം IV-ലെ 4-ാമത്തെ കോളത്തിന്റെയും ഫോറം IV എ-യിലെ 4-ാമത്തെ കോളത്തിന്റെയും തലക്കെട്ടും "രജിസ്റ്റർ നമ്പർ" എന്നതിനു പകരം "രജിസ്ട്രേഷൻ നമ്പർ" എന്നും 12-ാമത്തെ കോളത്തിലെ തലക്കെട്ട് "അസ്സസിംഗ് ഓഫീസറുടെ ഒപ്പ്" എന്നത് "അസസ്സിംഗ് ഓഫീസറുടെ ഒപ്പ്" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. ചട്ടം 7-ൽ വ്യാപാരിയുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പ്രതിപാദിച്ചിരിക്കുന്നതിനാൽ ചട്ടം 7-ന്റെ തലക്കെട്ട് "വ്യാപാരി രജിസ്റ്റർ" എന്നത് "വ്യാപാരി രജിസ്ട്രേഷൻ" എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. ചട്ടം 7(4)-ൽ "വ്യാപാരിയുടെയോ സ്ഥാപനത്തിന്റെയോ പദവിയിൽ വരുന്ന ഏതൊരു മാറ്റവും മാറ്റം വന്ന് പത്ത് ദിവസങ്ങൾക്കകം അസസ്സിംഗ് ഓഫീസറെ അറിയിക്കേണ്ടതും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ആവശ്യമായ വ്യതിയാനമോ തിരുത്തലുകളോ ഭേദഗതികളോ വരുത്തിക്കേണ്ടതുമാണ്." എന്നതിൽ " ............... അസസ്സിംഗ് ഓഫീസറെ അറിയിക്കേണ്ടതും" എന്നത് "അസസ്സിംഗ് ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതും" എന്നും "വ്യതിയാനമോ തിരുത്തലുകളോ ഭേദഗതിയോ" എന്നത് "വ്യതിയാനങ്ങളോ തിരുത്തലുകളോ ഭേദഗതികളോ" എന്നും മാറ്റംവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ചട്ടം 8(1)-ൽ "ഒരു വ്യാപാരിയുടെ ഓരോ സാമ്പത്തിക വർഷത്തെയും വിറ്റുവരവും വ്യാപാരി അടയ്ക്കേണ്ട സെസ്സ് തുകയും ........... അസസ്സിംഗ് ഓഫീസർ നിർണ്ണയിക്കേണ്ടതാണ്" എന്ന് പറഞ്ഞിരിക്കുന്നത് "ഓരോ വ്യാപാരിയുടെയും ഓരോ സാമ്പത്തിക വർഷത്തെയും വ്യാപാരി അടയ്ക്കേണ്ടതായ സെസ്സ് തുക .......... ഒരവസരം നൽകിയതിനു ശേഷം അസസ്സിംഗ് ഓഫീസർ നിർണ്ണയിക്കേണ്ടതാണ്" എന്നാക്കി മാറ്റണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

25. ചട്ടം 8(2)-ൽ "രേഖകളുടെ പരിശോധനയിൽ, ഈ ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം" എന്നത് "രേഖകളുടെ പരിശോധനയിൽ, വ്യാപാരി ഈ ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം" എന്നും " ........... ഒരു തിട്ടപ്പെടുത്തൽ ഉത്തരവ് നൽകേണ്ടതാണ്" എന്നത് "ഒരു തിട്ടപ്പെടുത്തൽ ഉത്തരവ് വ്യാപാരിക്ക് നൽകേണ്ടതാണ്" എന്നും മാറ്റംവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. ചട്ടം 8(3)-ൽ "........ 3-ാം ചട്ടപ്രകാരം നൽകിയ റിട്ടേണിലെ വിവരങ്ങൾ ശരിയാണെന്ന് സ്ഥാപിക്കുന്നതിൽ പരാജയപ്പെട്ടാലോ" എന്നത് " .............. 3-ാം ചട്ടപ്രകാരം നൽകിയ റിട്ടേണിലെ വിവരങ്ങൾ തെറ്റാണെന്ന് കാണുകയും അവ ശരിയാണെന്ന് സ്ഥാപിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്താലോ" എന്നും " ........ ആയത് സമർപ്പിക്കുന്നതിന് അവസരം നൽകിക്കൊണ്ട് " എന്നത് " ......... ആയത് സമർപ്പിക്കുന്നതിന് ഒരവസരം നൽകിക്കൊണ്ട്" എന്നും തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

27. ചട്ടം 9(എ)-യിലെ "ഉചിതമായ സമയത്ത്" എന്നത് ഉചിതമായ പ്രയോഗമാണോ എന്നും ആക്ടിലെ 13(എ) വകുപ്പിലെ "ന്യായമായ സമയത്ത്" എന്നത് കണക്കിലെടുത്ത്

ചട്ടം 9(എ) "ഒരു വ്യാപാരിയുടെ ഏതെങ്കിലും സ്ഥാപനത്തിലോ വ്യാപാര സ്ഥലത്തോ ന്യായമായ ഏതൊരു സമയത്തും അദ്ദേഹത്തിന് ആവശ്യമെന്നുതോന്നുന്ന ഏതൊരു സഹായത്തോടുകൂടി പ്രവേശിക്കുകയോ " എന്നാക്കി മാറ്റുന്നതല്ലേ ഉചിത്മെന്ന് സമിതി ആരാഞ്ഞതിന് അപ്രകാരം മാറ്റം വരുത്താവുന്നതാണെന്ന് നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചിരുന്നു. ചട്ടം 9(എ) അത്തരത്തിൽ ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. ചട്ടം 10-ൽ അടയ്ക്കാൻ വീഴ്ചവരുത്തിയ തുക ഈടാക്കുന്നതിനെ സംബന്ധിച്ചായതിനാൽ ആയതിന്റെ തലക്കെട്ടിൽ "അവധി കഴിഞ്ഞ" എന്നതിനു പകരം "അടയ്ക്കാൻ വീഴ്ച വരുത്തിയ" എന്നും "കുടിശ്ശിക എന്ന രീതിയിൽ ഈടാക്കുന്നതിന് " എന്നതിൽ "കുടിശ്ശിക എന്ന രീതിയിൽ വ്യാപാരിയിൽ നിന്നും ഈടാക്കുന്നതിന്" എന്നും തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

29. ചട്ടം 11(1)-ലെ "ആക്ടിലെ 12-ാം വകുപ്പുപ്രകാരമുള്ള ഒരു അപ്പീൽ ......... ഉത്തരവ് ലഭിച്ച് 60 ദിവസങ്ങൾക്കകം നൽകിയിരിക്കേണ്ടതാണ് " എന്നതിൽ "നൽകിയിരിക്കേണ്ടതാണ്" എന്നതിനു പകരം "സമർപ്പിച്ചിരിക്കേണ്ടതാണ്" എന്ന പ്രയോഗമാണ് കൂടുതൽ യുക്തമെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ "നൽകിയിരിക്കേണ്ടതാണ്" എന്നതിനു പകരം "സമർപ്പിച്ചിരിക്കേണ്ടതാണ്" എന്ന് മാറ്റംവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. "പെനാൽറ്റി" എന്നത് ആക്ടിലോ ചട്ടങ്ങളിലോ നിർവ്വചിച്ചിട്ടില്ലാത്തതിനാൽ ചട്ടം 11(3) (ബി)യിൽ "പെനാൽറ്റിയുടെയോ" എന്നത് "പിഴയുടെയോ" എന്നും ചട്ടം 11(5)-ൽ "അപ്പീൽ മെമ്മോറാണ്ടം ............ നശ്ചയിച്ച സമയത്തിനകം സമർപ്പിക്കേണ്ടതാണ്" എന്നതിൽ "നശ്ചയിച്ച്" എന്നത് "നിശ്ചയിച്ച" എന്നും ആക്ടിലെ 12-ാം വകുപ്പിൽ "അപ്പീൽ അധികാരി" എന്ന് പറഞ്ഞിരിക്കുന്നതിനാൽ ചട്ടം 11(4), 11(5), 11(6), 11(7), 11(9), 11(10) എന്നീ ഉപചട്ടങ്ങളിൽ പരാമർശിച്ചിരിക്കുന്ന "അപ്പലേറ്റ് അതോറിറ്റി" എന്ന വാക്കിനു പകരം "അപ്പീൽ അധികാരി" എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ചട്ടം 11(3) (ബി)-യിൽ പറഞ്ഞിരിക്കുന്ന " തർക്കത്തിലുള്ള തുകയുടെയോ .......... ഒരു ശതമാനത്തിന് തുല്യമായ ഫീസ്" എന്നതിൽ " ഫീസ്" എങ്ങനെ ഒടുക്കണം എന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആരാഞ്ഞതിന് ഡി.ഡി. ആയി അതോറിറ്റിയുടെ പേരിലാണ് അടയ്ക്കേണ്ടതെന്ന് ജോയിന്റ് ലേബർ കമ്മീഷണർ വ്യക്തമാക്കി. അക്കാര്യം ചട്ടത്തിൽ വ്യക്തമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ജി) ഫോറം X-ൽ "മേൽക്കാണിച്ച ട്രഷറി കണക്കുകളുമായി താരതമ്യം ചെയ്തിട്ടുണ്ടെന്നും" എന്ന വാക്കുകൾക്കു പകരം "മേൽക്കാണിച്ച തുകകൾ ട്രഷറി കണക്കുകളുമായി താരതമ്യം ചെയ്തിട്ടുണ്ടെന്നും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റിന്റെ (2007-ലെ 10) 18-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2008 ജനുവരി 4-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 6/2008/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2008 ജനുവരി 8-ാം തീയതിയിലെ 66-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 28/2008 ആയി പ്രസിദ്ധീകരിച്ചതുമായ 2008-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങളിൽ ചില ഭേദഗതികൾ വരുത്തണമെന്ന് സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14) സമിതിയുടെ 14-ാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്യുകയുണ്ടായി. സമിതി നൽകിയ ശിപാർശയുടെ വെളിച്ചത്തിൽ പ്രസ്തുത ചട്ടങ്ങൾക്ക് ഒരു ഭേദഗതി ചട്ടം പുറപ്പെടുവിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കപ്പെട്ടത്, 2015.

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2014-2016)

## ഇരുപത്തിയൊൻപതാമത് റിപ്പോർട്ട്

(2015 ഡിസംബർ 15-ാം തീയതി സമർപ്പിച്ചത്)

**പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2014-2016)

## ഇരുപത്തിയൊൻപതാമത് റിപ്പോർട്ട്

(2015 ഡിസംബർ 15-ാം തീയതി സമർപ്പിച്ചത്)

**പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

11/2016.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം I | .. | 1 |
| അദ്ധ്യായം II : സമിതി ശിപാർശകളും അവയ്ക്ക് ലഭിച്ച സർക്കാർ മറുപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |
| അദ്ധ്യായം III : സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും സമിതിയുടെ തുടർ ശിപാർശകളും | .. | 10 |
| അനുബന്ധം 1 : എസ്.ആർ.ഒ. നമ്പർ 450/2015 | .. | 12 |
| അനുബന്ധം 2 : എസ്.ആർ.ഒ. നമ്പർ 448/2015 | .. | 14 |
| അനുബന്ധം 3 : എസ്.ആർ.ഒ. നമ്പർ 449/2015 | .. | 21 |
| അനുബന്ധം 4 : എസ്.ആർ.ഒ. നമ്പർ 447/2015 | .. | 23 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2014-2016)

**ഘടന**

ചെയർമാൻ :

ശ്രീ. എം. ഉമ്മർ

അംഗങ്ങൾ :

ശ്രീ. വി. ചെന്താമരാക്ഷൻ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. ഹൈബി ഈഡൻ

ശ്രീ. ലൂഡി ലൂയിസ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. സാജു പോൾ

ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. വി. ശിവൻകുട്ടി

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. ഉളസീധരൻ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ പതിനാലാമത് റിപ്പോർട്ട് 2013 ജൂലൈ 8-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി സമിതിയുടെ 24-11-2015-ലെ യോഗത്തിൽ പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ഡിസംബർ 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ഉമ്മർ,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

## അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)യുടെ പതിനാലാമത് റിപ്പോർട്ട് 2013 ജൂലൈ 8-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. 2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ആക്ടിൻകീഴിൽ പുറപ്പെടുവിച്ച 486/2007, 515/2007, 28/2008, 560/2008 എന്നീ എസ്.ആർ.ഒ.കൾ സമിതിയുടെ 5-6-2013-ന് ചേർന്ന യോഗം സൂക്ഷ്മപരിശോധന നടത്തുകയും നിയമം, തൊഴിലും നൈപുണ്യവും എന്നീ വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. എസ്.ആർ.ഒ.കളുടെ വിശദമായ പരിശോധനയിലൂടെയും തെളിവെടുപ്പിന്റെയും വെളിച്ചത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ 31 ശിപാർശകൾ ഉണ്ടായിരുന്നു. ഈ 31 ശിപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച മറുപടി 6-10-2015-ലെ 12334/ജെ2/2013/തൊഴിൽ നമ്പർ കത്ത് മുഖേന സമിതിക്ക് ലഭിക്കുകയുണ്ടായി. ആയത് സമിതിയുടെ 24-11-2015-ലെ യോഗത്തിൽ പരിഗണിച്ചു. സമിതി ശിപാർശകളും അവയ്ക്ക് സർക്കാർ സ്വീകരിച്ച നടപടിയും സമിതി അംഗീകരിച്ചത് അദ്ധ്യായം II-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. റിപ്പോർട്ടിലെ 9-ാമത് ഖണ്ഡികയിലെ ശിപാർശ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. കൂടാതെ ഖണ്ഡിക 34-ലെ ശിപാർശയിന്മേൽ തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയത് സമിതി ശിപാർശ ചെയ്ത പ്രകാരമല്ല. ഈ രണ്ട് ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടിയും സമിതിയുടെ തുടർ ശിപാർശയും അദ്ധ്യായം III-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച എസ്.ആർ.ഒ.കൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതി ശിപാർശകളും അവയ്ക്ക് ലഭിച്ച സർക്കാർ മറുപടികളിൽ സമിതി അംഗീകരിച്ചവ

### ഖണ്ഡിക 3, 4, 5

**S.R.O. No. 515/2007 dated 14-6-2007**

**G.O. (P) No. 69/2007/LBR dated 6-6-2007**

3. By this S.R.O., Government in exercise of the powers conferred by section 4 of the Kerala Handloom Workers' Welfare Cess Act, 2007, have appointed the Officers of the Labour Department as Assessing Officers.

4. The Committee notices that in the preamble and explanatory note of this S.R.O. apostrophe mark is omitted after the word 'Workers'. *The Committee wants to take firm steps to avoid such instances in future.*

5. The word 'Welfare' is seen omitted in the name of the Act mentioned in the explanatory part of the S.R.O. The Committee opines that in statutory notifications the name of the Act must be mentioned correctly. *The Committee takes strong exception to repetition of such mistakes in statutory notifications and wants to issue erratum notification in this regard.*

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

സമിതി ശിപാർശ പ്രകാരം S.R.O. No. 515/2007 തീയതി 14-6-2007 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന് ശിപാർശ പ്രകാരം S.R.O. No. 450/2015 തീയതി 8-7-2015 ആയി തിരുത്തൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട് (അനുബന്ധം 1).

<u>ഖണ്ഡിക 6 മുതൽ 33 വരെ</u>

**എസ്.ആർ.ഒ. നമ്പർ 28/2008 തീയതി 8-1-2008**

**ജി.ഒ. (പി) നമ്പർ 6/2008/തൊഴിൽ തീയതി 4-1-2008**

6. 2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ആക്ടിലെ 18-ാം വകുപ്പിലെ (1)-ാം ഉപവകുപ്പുപ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് 2008-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ പുറപ്പെടുവിച്ചു കൊണ്ടുള്ളതാണ് പ്രസ്തുത എസ്.ആർ.ഒ.

7. ചട്ടം 3(1)-ലെ "ആക്ടിലെ 3-ാം വകുപ്പുപ്രകാരം സെസ്സ് അടയ്ക്കുവാൻ ബാദ്ധ്യസ്ഥനായ ഒരു വ്യാപാരി ഒരു സാമ്പത്തിക വർഷത്തെ തന്റെ മൊത്തവിൽപ്പനത്തുക കാണിച്ച് ഫോറം 1-ലെ റിട്ടേൺ അസസ്സിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്" എന്നതിൽ മുൻസാമ്പത്തിക വർഷത്തെ റിട്ടേൺ ആണ് സമർപ്പിക്കേണ്ടത് എന്നുള്ളതുകൊണ്ട് <u>"ആക്ടിലെ 3-ാം വകുപ്പുപ്രകാരം സെസ്സ് അടയ്ക്കുവാൻ ബാദ്ധ്യസ്ഥനായ ഓരോ വ്യാപാരിയും മുൻസാമ്പത്തിക വർഷത്തെ തന്റെ മൊത്തവിൽപ്പനത്തുക കാണിച്ച് ഫോറം 1-ലെ റിട്ടേൺ അസസ്സിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ് "എന്ന് തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.</u>

8. ചട്ടം 3(2)-ൽ "മുൻസാമ്പത്തിക വർഷത്തെ മൊത്തവിൽപ്പനത്തുകയും സെസ്സ് അടച്ചതിന്റെ വിശദാംശങ്ങളുമടങ്ങിയ റിട്ടേൺ ഏപ്രിൽ 15-ാം തീയതിക്കുമുമ്പ് " എന്നത് കൂടുതൽ വ്യക്തത വരുത്തുന്നതിനായി <u>"മുൻസാമ്പത്തിക വർഷത്തെ</u>

മൊത്തവിൽപ്പനത്തുകയും സെസ്സ് അടച്ചതിന്റെ വിശദാംശങ്ങളുമടങ്ങിയ റിട്ടേൺ എല്ലാവർഷവും ഏപ്രിൽ 15-ാം തീയതിക്കുമുമ്പ് " എന്ന് ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. ആക്ടിലെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "3-ാം വകുപ്പ് പ്രകാരം സെസ്സ് നൽകാൻ ബാദ്ധ്യസ്ഥനായ ഏതൊരു വ്യാപാരിയും, 7-ാം വകുപ്പ് പ്രകാരം ഏറ്റവും അവസാനമായി സെസ്സ് തിട്ടപ്പെടുത്തിയതനുസരിച്ച് വാർഷികമായി അയാൾ നൽകേണ്ട തുകയുടെ പന്ത്രണ്ടിൽ ഒരു ഭാഗത്തിന് തുല്യമായ തുക എല്ലാ മാസവും 10-ാം തീയതിക്കോ അതിന് മുൻപായോ മുൻകൂർ സെസ്സായി നൽകേണ്ടതാണ് " എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ചട്ടം 4(1)-ൽ "ആക്ടിലെ 8-ാം വകുപ്പ് പ്രകാരം.... അടുത്ത മാസം 10-ാം തീയതിക്കകം തുക നൽകേണ്ടതാണ് " എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മുൻകൂർ സെസ്സ് അടയ്ക്കുന്നത് സംബന്ധിച്ച ചട്ടം 4(1)-ൽ വ്യക്തതയില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. "അടുത്ത മാസം 10-ാം തീയതിക്കകം" എന്നതിനുപകരം ആക്ടിലേതുപോലെ "എല്ലാ മാസവും 10-ാം തീയതിക്കകം" എന്ന് ചേർക്കുന്നതാണ് ഉചിതമെന്ന് സമിതി കരുതുന്നതിനാൽ അപ്രകാരം മാറ്റംവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. ചട്ടം 5(2)-ൽ "ഉപചട്ടം (1) പ്രകാരം ........... ആക്ടിലെ 3-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ഫണ്ടിലേക്ക് അർഹതപ്പെട്ട തുക നിർണ്ണയിക്കേണ്ടതും ആയത് അടുത്ത വർഷം ജൂൺ 30-ാം തീയതിക്കകം അനുവദിക്കേണ്ടതുമാണ് " എന്നും ആക്ടിലെ 3-ാം വകുപ്പിലെ (5)-ാം ഉപവകുപ്പിൽ " ......... ബോർഡിന്റെ ഫണ്ടിലേക്ക് ജൂൺ 30-ാം തീയതിക്കുമുമ്പായും നിർണ്ണയിക്കപ്പെടാവുന്ന അത്തരം രീതിയിൽ നൽകേണ്ടതാണ് " എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നതിൽ ചട്ടപ്രകാരം "അടുത്ത വർഷം ജൂൺ 30-ാം തീയതിക്കുമുമ്പായും" വകുപ്പ് പ്രകാരം "ജൂൺ 30-ാം തീയതിക്കു മുമ്പായും" എന്നും പറഞ്ഞിരിക്കുന്നതിൽ വ്യക്തത ഇല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ചട്ടം 5(2)-ലെ "അടുത്തവർഷം" എന്ന വാക്ക് ഒഴിവാക്കി ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. ഫാറം 1-ന്റെ തലക്കെട്ട് "വിറ്റുവരവും സെസ്സും സംബന്ധിച്ച റിട്ടേൺ " എന്നതിന് പകരം "വാർഷിക വിറ്റുവരവും സെസ്സും സംബന്ധിച്ച റിട്ടേൺ" എന്ന് മാറ്റം വരുത്തണമെന്നും ഫാറം 1-ൽ കാലയളവിന് താഴെയായി "മുതൽ .......... വരെ........." എന്നത് "........, മുതൽ .......... വരെ" എന്നും " ചെലാൻ ഡി.ഡി. നമ്പർ "എന്നത് "ചെലാൻ/ഡി.ഡി. നമ്പർ " എന്നും തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. ഫാറം I-ലും I എ-യിലും II-ലും വ്യാപാരിയുടെ ഒപ്പിന് താഴെയായി "വ്യാപാരിയുടെ പേരും ഒപ്പും" എന്ന് ചേർക്കണമെന്നും ഫാറം I-ലെ സാക്ഷ്യപ്രസ്താവനയും കുറിപ്പും ഫാറം I എ-യിലും ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. ഫോറം I എ-യിൽ I-ാമത്തെ കോളത്തിൽ " സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന വിറ്റുവരവോ' .......... വർഷത്തേക്ക് തിട്ടപ്പെടുത്തിയ വിറ്റുവരവോ" എന്നത് "നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന വിറ്റുവരവോ മുൻ വർഷത്തേക്ക് തിട്ടപ്പെടുത്തിയ വിറ്റുവരവോ" എന്നും "മാസം" എന്നത് "മാസവും വർഷവും" എന്നും തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. ചട്ടം 6(1) പ്രകാരമുള്ള പ്രതിദിന വിൽപ്പനത്തുക കാണിക്കുന്ന ഫോറം II-ലെ 3-ാമത്തെ കോളത്തിൽ "ദിവസത്തെ മൊത്തം വിറ്റുവരവ് തുക" എന്നും 4-ാമത്തെ കോളത്തിൽ "നിയമത്തിന്റെ പരിധിയിൽ വരുന്ന വിറ്റുവരവ് തുക" എന്നും പറഞ്ഞിരിക്കുന്നു. ഫോറം II-ലെ 4-ാമത്തെ കോളത്തിലെ "നിയമത്തിന്റെ പരിധിയിൽവരുന്ന വിറ്റുവരവ് തുക" എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നതെന്നും ഇതിൽ ഒരു വ്യക്തത വേണ്ടേയെന്നും സമിതി ആരാഞ്ഞിരുന്നു. സമിതിയോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് വ്യക്തമായ ഒരു വിശദീകരണം നൽകാൻ കഴിഞ്ഞില്ല. ഈ അവ്യക്തതമൂലമാണ് സെസ്സ് നഷ്ടപ്പെടുന്നതെന്നും സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ "നിയമത്തിന്റെ പരിധിയിൽ വരുന്ന വിറ്റുവരവ് തുക" എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് സമിതിയെ അറിയിക്കണമെന്നും ആ കോളം ആവശ്യമില്ലാത്തതാണെങ്കിൽ അത് ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

16. ചട്ടം 6(3) പ്രകാരം "അസസ്സിംഗ് ഓഫീസറോ മറ്റേതെങ്കിലും അധികാരപ്പെടുത്തിയ ഓഫീസറോ വ്യാപാരിയുടെ സ്ഥാപനത്തിൽ സന്ദർശനം നടത്തുമ്പോൾ കാണുന്ന അഭിപ്രായങ്ങളും തെറ്റുകളും രേഖപ്പെടുത്തുന്നതിന് ഓരോ വ്യാപാരിയും വിസിറ്റ് ബുക്ക് സൂക്ഷിക്കേണ്ടതാണ് ". എന്നാൽ വിസിറ്റ് ബുക്കിന്റെ മാതൃക ചട്ടങ്ങളിൽ ചേർക്കേണ്ടതല്ലേയെന്നും വിസിറ്റ് ബുക്ക് വയ്ക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്നും ഒരു ഓഫീസർ കട പരിശോധന നടത്തുമ്പോൾ വിസിറ്റ് ബുക്കിൽ അഭിപ്രായം രേഖപ്പെടുത്തേണ്ടതല്ലേയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് വിസിറ്റ് ബുക്കിന് വളരെ പ്രാധാന്യമില്ലാത്തതുകൊണ്ടും നിർദ്ദേശങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അത് രേഖപ്പെടുത്താൻവേണ്ടി മാത്രമായതുകൊണ്ടും ആയതിന് പ്രത്യേക മാതൃക ആവശ്യമില്ലായെന്നും ഒരു ചട്ടത്തിലും വിസിറ്റ് ബുക്കിന്റെ മാതൃക ചേർക്കാറില്ലെന്നും നിയമവകുപ്പുദ്യോഗസ്ഥ മറുപടി നൽകിയിരുന്നു. ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ് പ്രകാരം സ്റ്റാറ്റ്യൂട്ടറി ആയി പല രജിസ്റ്ററുകളും ബുക്കുകളും വ്യാപാരി സൂക്ഷിക്കേണ്ടതായിട്ടുണ്ടെന്നും പരിശോധന നടത്തുമ്പോൾ കണ്ടെത്തുന്ന പിശകുകൾ ആ രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ടെന്നും അതിൽ കൂടുതലായി എന്തെങ്കിലും രേഖപ്പെടുത്താനുണ്ടെങ്കിൽ ആയത് രേഖപ്പെടുത്താനാണ് വിസിറ്റ് ബുക്ക് വച്ചിരിക്കുന്നതെന്നും ഡിസ്ക്രിപ്ഷൻ ബുക്കാണെങ്കിലും അഭിപ്രായങ്ങളും തെറ്റുകളും രേഖപ്പെടുത്തി

യിട്ടുണ്ടെങ്കിൽ അറിയാൻ സാധിക്കുമെന്നും പക്ഷേ വ്യാപാരികളുടെ സ്ഥാപനത്തിൽ സന്ദർശനം നടത്തുമ്പോൾ ഇത്തരം ബുക്കുകൾ അവിടെ ഉണ്ടാകാറില്ലെന്നും അത് ഓഡിറ്ററുടെയോ അക്കൗണ്ടന്റിന്റെയോ ഓഫീസിലിരിക്കുകയാണെന്ന് പറയുമെന്നും ഓരോ വ്യാപാരിയും വിസിറ്റ് ബുക്ക് വയ്ക്കാനുള്ള നടപടി സ്വീകരിക്കാമെന്നും ജോയിന്റ് ലേബർ കമ്മീഷണർ തുടർ മറുപടി നൽകുകയുണ്ടായി.

17. ഓരോ വ്യാപാരിയുടെയും വിസിറ്റ് ബുക്ക് അസസ്സിംഗ് അതോറിറ്റി കൗണ്ടർസൈൻ ചെയ്യുകയും പേജ് നമ്പരിട്ട് ക്ലിപ്തപ്പെടുത്തി എന്നു മുതലാണ് തുടങ്ങുന്നതെന്ന തീയതിയിട്ടും വേണം സൂക്ഷിക്കേണ്ടതെന്ന് സമിതി അഭിപ്രായപ്പെടുന്നു. അത്തരത്തിൽ വിസിറ്റ് ബുക്കിന്റെ മാതൃക തയ്യാറാക്കി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

18. ചട്ടം 6(3)-ലെ " ........... വ്യാപാരിയുടെ സ്ഥാപനത്തിൽ സന്ദർശനം നടത്തുമ്പോൾ കാണുന്ന തെറ്റുകളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിന്" എന്നത് " ................. വ്യാപാരിയുടെ സ്ഥാപനത്തിൽ പരിശോധന നടത്തുമ്പോൾ കാണുന്ന സെസ്സ് അടവും രേഖകൾ സൂക്ഷിക്കുന്നതും സംബന്ധിച്ചുള്ള ന്യൂനതകളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിന്" എന്ന് മാറ്റം വരുത്തുന്നതാണ് ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ അത്തരത്തിൽ ചട്ടം 6(3) ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. ചട്ടം 6 രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് സംബന്ധിച്ച് ആയതിനാൽ "രജിസ്റ്ററുകളും രേഖകളും"എന്ന തലക്കെട്ടിനു പകരം "രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ്" എന്നാക്കി മാറ്റാൻ സമിതി ശിപാർശ ചെയ്യുന്നു.

20. ചട്ടം 6(5) പ്രകാരം "ഈ ചട്ടങ്ങൾ പ്രകാരം സൂക്ഷിക്കേണ്ട ......... രേഖപ്പെടുത്തിയശേഷം 10 വർഷം സൂക്ഷിച്ചിരിക്കേണ്ടതാണ്" എന്നതിൽ " രേഖപ്പെടുത്തിയ ശേഷം" എന്നത് "വിവരങ്ങൾ അവസാനമായി രേഖപ്പെടുത്തിയ ശേഷം" എന്ന് മാറ്റം വരുത്തുന്നതാണ് ഉചിതമെന്ന് സമിതി കരുതുന്നു. അത്തരത്തിൽ ചട്ടം 6(5) ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. ചട്ടം 6(6) പ്രകാരമുള്ള ഫാറം IV-ലെ 4-ാമത്തെ കോളത്തിന്റെയും ഫോറം IV എ-യിലെ 4-ാമത്തെ കോളത്തിന്റെയും തലക്കെട്ടും "രജിസ്റ്റർ നമ്പർ" എന്നതിനു പകരം "രജിസ്ട്രേഷൻ നമ്പർ" എന്നും 12-ാമത്തെ കോളത്തിലെ തലക്കെട്ട് "അസ്സസിംഗ് ഓഫീസറുടെ ഒപ്പ്" എന്നത് "അസസ്സിംഗ് ഓഫീസറുടെ ഒപ്പ്" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. ചട്ടം 7-ൽ വ്യാപാരിയുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പ്രതിപാദിച്ചിരിക്കുന്നതിനാൽ ചട്ടം 7-ന്റെ തലക്കെട്ട് "വ്യാപാരി രജിസ്റ്റർ" എന്നത് "വ്യാപാരി രജിസ്ട്രേഷൻ" എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. ചട്ടം 7(4)-ൽ "വ്യാപാരിയുടെയോ സ്ഥാപനത്തിന്റെയോ പദവിയിൽ വരുന്ന ഏതൊരു മാറ്റവും മാറ്റം വന്ന് പത്ത് ദിവസങ്ങൾക്കകം അസസ്സിംഗ് ഓഫീസറെ അറിയിക്കേണ്ടതും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ആവശ്യമായ വ്യതിയാനമോ തിരുത്തലുകളോ ഭേദഗതികളോ വരുത്തിക്കേണ്ടതുമാണ്." എന്നതിൽ "............. അസസ്സിംഗ് ഓഫീസറെ അറിയിക്കേണ്ടതും" എന്നത് "അസസ്സിംഗ് ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതും" എന്നും "വ്യതിയാനമോ തിരുത്തലുകളോ ഭേദഗതിയോ" എന്നത് "വ്യതിയാനങ്ങളോ തിരുത്തലുകളോ ഭേദഗതികളോ" എന്നും മാറ്റംവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ചട്ടം 8(1)-ൽ "ഒരു വ്യാപാരിയുടെ ഓരോ സാമ്പത്തിക വർഷത്തെയും വിറ്റുവരവും വ്യാപാരി അടയ്ക്കേണ്ട സെസ്സ് തുകയും ........... അസസ്സിംഗ് ഓഫീസർ നിർണ്ണയിക്കേണ്ടതാണ്" എന്ന് പറഞ്ഞിരിക്കുന്നത് "ഓരോ വ്യാപാരിയുടെയും ഓരോ സാമ്പത്തിക വർഷത്തെയും വ്യാപാരി അടയ്ക്കേണ്ടതായ സെസ്സ് തുക .......... ഒരവസരം നൽകിയതിനു ശേഷം അസസ്സിംഗ് ഓഫീസർ നിർണ്ണയിക്കേണ്ടതാണ്" എന്നാക്കി മാറ്റണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

25. ചട്ടം 8(2)-ൽ "രേഖകളുടെ പരിശോധനയിൽ, ഈ ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം" എന്നത് "രേഖകളുടെ പരിശോധനയിൽ, വ്യാപാരി ഈ ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം" എന്നും "........... ഒരു തിട്ടപ്പെടുത്തൽ ഉത്തരവ് നൽകേണ്ടതാണ്" എന്നത് "ഒരു തിട്ടപ്പെടുത്തൽ ഉത്തരവ് വ്യാപാരിക്ക് നൽകേണ്ടതാണ്" എന്നും മാറ്റംവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. ചട്ടം 8(3)-ൽ "........ 3-ാം ചട്ടപ്രകാരം നൽകിയ റിട്ടേണിലെ വിവരങ്ങൾ ശരിയാണെന്ന് സ്ഥാപിക്കുന്നതിൽ പരാജയപ്പെട്ടാലോ" എന്നത് "............. 3-ാം ചട്ടപ്രകാരം നൽകിയ റിട്ടേണിലെ വിവരങ്ങൾ തെറ്റാണെന്ന് കാണുകയും അവ ശരിയാണെന്ന് സ്ഥാപിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്താലോ" എന്നും "........ ആയത് സമർപ്പിക്കുന്നതിന് അവസരം നൽകിക്കൊണ്ട്" എന്നത് "......... ആയത് സമർപ്പിക്കുന്നതിന് ഒരവസരം നൽകിക്കൊണ്ട്" എന്നും തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

27. ചട്ടം 9(എ)-യിലെ "ഉചിതമായ സമയത്ത്" എന്നത് ഉചിതമായ പ്രയോഗമാണോ എന്നും ആക്ടിലെ 13(എ) വകുപ്പിലെ "ന്യായമായ സമയത്ത്" എന്നത് കണക്കിലെടുത്ത്

ചട്ടം 9(എ) "ഒരു വ്യാപാരിയുടെ ഏതെങ്കിലും സ്ഥാപനത്തിലോ വ്യാപാര സ്ഥലത്തോ ന്യായമായ ഏതൊരു സമയത്തും അദ്ദേഹത്തിന് ആവശ്യമെന്നുതോന്നുന്ന ഏതൊരു സഹായത്തോടുകൂടി പ്രവേശിക്കുകയോ " എന്നാക്കി മാറ്റുന്നതല്ലേ ഉചിത്മെന്ന് സമിതി ആരാഞ്ഞതിന് അപ്രകാരം മാറ്റം വരുത്താവുന്നതാണെന്ന് നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചിരുന്നു. ചട്ടം 9(എ) അത്തരത്തിൽ ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. ചട്ടം 10-ൽ അടയ്ക്കാൻ വീഴ്ചവരുത്തിയ തുക ഈടാക്കുന്നതിനെ സംബന്ധിച്ചായതിനാൽ ആയതിന്റെ തലക്കെട്ടിൽ "അവധി കഴിഞ്ഞ" എന്നതിനു പകരം "അടയ്ക്കാൻ വീഴ്ച വരുത്തിയ" എന്നും "കുടിശ്ശിക എന്ന രീതിയിൽ ഈടാക്കുന്നതിന് " എന്നതിൽ "കുടിശ്ശിക എന്ന രീതിയിൽ വ്യാപാരിയിൽ നിന്നും ഈടാക്കുന്നതിന്" എന്നും തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

29. ചട്ടം 11(1)-ലെ "ആക്ടിലെ 12-ാം വകുപ്പുപ്രകാരമുള്ള ഒരു അപ്പീൽ ......... ഉത്തരവ് ലഭിച്ച് 60 ദിവസങ്ങൾക്കകം നൽകിയിരിക്കേണ്ടതാണ് " എന്നതിൽ "നൽകിയിരിക്കേണ്ടതാണ്" എന്നതിനു പകരം "സമർപ്പിച്ചിരിക്കേണ്ടതാണ്" എന്ന പ്രയോഗമാണ് കൂടുതൽ യുക്തമെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ "നൽകിയിരിക്കേണ്ടതാണ്" എന്നതിനു പകരം "സമർപ്പിച്ചിരിക്കേണ്ടതാണ്" എന്ന് മാറ്റംവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. "പെനാൽറ്റി" എന്നത് ആക്ടിലോ ചട്ടങ്ങളിലോ നിർവ്വചിച്ചിട്ടില്ലാത്തതിനാൽ ചട്ടം 11(3) (ബി)യിൽ "പെനാൽറ്റിയുടെയോ" എന്നത് "പിഴയുടെയോ" എന്നും ചട്ടം 11(5)-ൽ "അപ്പീൽ മെമ്മോറാണ്ടം ............ നശ്ചയിച്ച സമയത്തിനകം സമർപ്പിക്കേണ്ടതാണ്" എന്നതിൽ "നശ്ചയിച്ച്" എന്നത് "നിശ്ചയിച്ച" എന്നും ആക്ടിലെ 12-ാം വകുപ്പിൽ "അപ്പീൽ അധികാരി" എന്ന് പറഞ്ഞിരിക്കുന്നതിനാൽ ചട്ടം 11(4), 11(5), 11(6), 11(7), 11(9), 11(10) എന്നീ ഉപചട്ടങ്ങളിൽ പരാമർശിച്ചിരിക്കുന്ന "അപ്പലേറ്റ് അതോറിറ്റി" എന്ന വാക്കിനു പകരം "അപ്പീൽ അധികാരി" എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ചട്ടം 11(3) (ബി)-യിൽ പറഞ്ഞിരിക്കുന്ന " തർക്കത്തിലുള്ള തുകയുടെയോ ......... ഒരു ശതമാനത്തിന് തുല്യമായ ഫീസ്" എന്നതിൽ " ഫീസ്" എങ്ങനെ ഒടുക്കണം എന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആരാഞ്ഞതിന് ഡി.ഡി. ആയി അതോറിറ്റിയുടെ പേരിലാണ് അടയ്ക്കേണ്ടതെന്ന് ജോയിന്റ് ലേബർ കമ്മീഷണർ വ്യക്തമാക്കി. അക്കാര്യം ചട്ടത്തിൽ വ്യക്തമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. ചട്ടം 12(1) പ്രകാരമുള്ള ഫാറം X-ൽ സത്യവാങ്മൂലത്തിൽ "മേൽക്കാണിച്ച ട്രഷറി കണക്കുകളുമായി താരതമ്യം ചെയ്തിട്ടുണ്ടെന്നും" എന്നുള്ളത് " മേൽക്കാണിച്ച തുകകൾ ട്രഷറികണക്കുകളുമായി താരതമ്യം ചെയ്തിട്ടുണ്ടെന്നും" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. ഫാറം X-ൽ അസസ്സിംഗ് ഓഫീസർ എന്നത് ആദ്യം "അസ്സസ്സിങ് ഓഫീസർ" എന്നും രണ്ടാമത് "അസസ്സിംഗ് ഓഫീസറുടെ ഒപ്പ് " എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഒരേ ചട്ടത്തിൽ തന്നെ പലതരത്തിൽ ഒരേ വാക്ക് എഴുതുന്നത് സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടറി ഫാറങ്ങളിൽ ഇത്തരം ന്യൂനതകൾ ഒഴിവാക്കേണ്ടതാണ് എന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ഭാവിയിൽ സ്റ്റാറ്റ്യൂട്ടറി ഫാറങ്ങളിൽ ഇത്തരം ന്യൂനതകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

സമിതി ശിപാർശ പ്രകാരം SRO No. 28/2008 തീയതി 8-1-2008 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന് SRO No. 448/2015 (അനുബന്ധം 2) തീയതി 8-7-2015 ആയി ഭേദഗതിയും SRO No. 449/2015 (അനുബന്ധം 3) തീയതി 8-7-2015 പ്രകാരം തിരുത്തൽ വിജ്ഞാപനവും വരുത്തിയിട്ടുണ്ട്. 16-ാം ഖണ്ഡിക ശിപാർശയുടെ വിസിറ്റ് ബുക്കിന്റെ മാതൃകയുൾപ്പെടുത്തിക്കൊണ്ട് ഭേദഗതി വരുത്തിയിട്ടുണ്ട്. 15-ാം ഖണ്ഡിക ശിപാർശയിൽ പറഞ്ഞിരിക്കുന്ന ഫോറം 2-ലെ 3-ാം കോളത്തിലെ വിവരങ്ങൾ "ദിവസത്തെ മൊത്തം വിറ്റുവരവ് തുക" എന്നതുകൊണ്ട് പ്രസ്തുത ഷോപ്പിൽ ആ ദിവസം നടക്കുന്ന മുഴുവൻ സാധനങ്ങളുടെയും മൊത്തം വിറ്റുവരവ് എന്നും 4-ാമത്തെ കോളത്തിൽ 2007-ലെ കേരള ഹാന്റ്ലൂം വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് ബാധകമായ ഉല്പന്നങ്ങളുടെ വിറ്റുവരവ് എന്നുമാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ ഫോറം II ലെ 3-ാം കോളത്തിലെ വിവരങ്ങൾ ആവശ്യമാണെന്ന് അറിയിക്കുന്നു.

ഖണ്ഡിക 35

35. 2008-ൽ ചട്ടങ്ങൾ പുറപ്പെടുവിച്ചതിനുശേഷം ഓരോ സാമ്പത്തികവർഷവും സെസ്സ് തുകയായി പിരിഞ്ഞുകിട്ടിയത് എത്രയാണെന്നും ആക്ടിലെ 3-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ പിരിച്ചെടുത്ത സെസ്സ് തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക ബോർഡിന്റെ ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ് എന്നും പറഞ്ഞിരിക്കുന്നതിനാൽ 2009, 2010, 2011, 2012 എന്നീ വർഷങ്ങളിൽ ഫണ്ടിലേക്ക് വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ സംബന്ധിച്ച് വെളിപ്പെടുത്താൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞതിന് സെസ്സ് കളക്ട് ചെയ്യാൻ ഉള്ള തീയതി വിജ്ഞാപനം ചെയ്തുവെങ്കിലും ഇതുവരെ കളക്ട് ചെയ്തുതുടങ്ങിയിട്ടില്ലായെന്നും ആക്ട്

അനുസരിച്ചുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ടെന്നും ജോയിന്റ് ലേബർ കമ്മീഷണർ അറിയിച്ചിരുന്നു. അഞ്ച് ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള വ്യാപാരികൾക്ക് 0.25% ആണ് സെസ്സ് നൽകേണ്ടതെന്നും സെസ്സ് കളക്ട് ചെയ്യേണ്ട എന്നുള്ള സർക്കാരിന്റെ നിർദ്ദേശത്തെത്തുടർന്ന് ഇപ്പോൾ സെസ്സ് കളക്ട് ചെയ്യുന്നില്ലെന്നും ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരവും അവർ സെസ്സ് അടയ്ക്കേണ്ടതായി വരുന്നതിനാൽ രണ്ട് സ്ഥലത്ത് തുക അടയ്ക്കേണ്ടതായി വരുമെന്നും ഇതു സംബന്ധിച്ച് വ്യാപാരികളുടെ 3 കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇപ്പോഴുമുണ്ടെന്നും ചെറിയ ഒരു കോൺട്രിബ്യൂഷൻ മാത്രമാണ് സെസ്സ് ഇനത്തിൽ നേരത്തെ ഗവൺമെന്റ് പിരിച്ചിരുന്നതെന്നും ഇതിനെക്കുറിച്ച് പഠിക്കുന്നതിന് വകുപ്പ് സെക്രട്ടറിയും ചെയർമാനും ഉൾപ്പെടെ ആറുപേർ അടങ്ങുന്ന ഒരു സബ്കമ്മിറ്റിയെ നിയമിച്ചിരിക്കുകയാണെന്നും കമ്മിറ്റിയുടെ തീരുമാനം വരുന്നതുവരെ അടയ്ക്കേണ്ട എന്ന് ലേബർ കമ്മീഷണർ നിർദ്ദേശം കൊടുത്തിരിക്കുകയാണെന്നും ജോയിന്റ് ലേബർ കമ്മീഷണർ സമിതി മുമ്പാകെ വ്യക്തമാക്കുകയുണ്ടായി. 2007-ൽ നിയമം പാസ്സാക്കുകയും 2008-ൽ ചട്ടങ്ങൾ നിലവിൽ വരുകയും ചെയ്തെങ്കിലും സെസ്സ് പിരിവ് സംബന്ധിച്ച് തീരുമാനം ഉണ്ടാകാത്തതിനാൽ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മിച്ച നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യം നടപ്പാകാതെ വരുകയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഇക്കാര്യത്തിൽ സബ്കമ്മിറ്റി എത്രയും പെട്ടെന്ന് ഉചിതമായി ഒരു തീരുമാനത്തിൽ എത്തുന്നതിനുവേണ്ട നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മുൻഗണന നൽകണമെന്നും സ്വീകരിച്ച നടപടി സമിതിയെ അറിയിക്കണമെന്നും ശിപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

കൈത്തറി ക്ഷേമനിധി സെസ്സ് പിരിവ് സംബന്ധിച്ച നോട്ടീസ് അയയ്ക്കുന്നുണ്ടെങ്കിലും പല വസ്ത്രവ്യാപാരികളും കോടതിയിൽ ആയത് ചോദ്യം ചെയ്യുകയും കോടതി താല്ക്കാലികമായി സ്റ്റേ അനുവദിക്കുകയും ചെയ്തു. സ്റ്റേ മാറ്റിക്കിട്ടുന്നതിനായി സർക്കാർ സത്വര നടപടി സ്വീകരിച്ചുവരുകയാണെന്ന വിവരം സമിതി മുമ്പാകെ അറിയിക്കുന്നു.

ഖണ്ഡിക 36, 37

## S.R.O. No. 560/2008 dated 27-5-2008

## G.O. (P) No. 70/2008/LBR dated 6-5-2008

36. By this S.R.O., Government in exercise of the powers conferred by section 4 of the Kerala Handloom Workers' Welfare Cess Act, 2007 and in

supersession of S.R.O. 515/2007, have appointed the Officers of the Labour Department as Assessing Officers and specified the local limits of their jurisdiction.

37. The Committee notices that in the preamble and explanatory note of this S.R.O., apostrophe mark is omitted after the word 'Workers'. *The Committee wants to take firm steps to avoid such instances in future and issue erratum notification in this regard.*

### സർക്കാരിൽ നിന്നും ലഭിച്ച മറുപടി

സമിതിയുടെ ശിപാർശ പ്രകാരം S.R.O. No. 560/2008 തീയതി 27-5-2008-ന് S.R.O. No. 447/2015 തീയതി 23-6-2015 പ്രകാരം തിരുത്തൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട് (അനുബന്ധം 4).

## അദ്ധ്യായം III

## സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും സമിതിയുടെ തുടർ ശിപാർശകളും

### ഖണ്ഡിക 9

ചട്ടം 3(1)-ലും 3(2)-ലും ഉൾപ്പെട്ടിരിക്കുന്ന വ്യവസ്ഥകൾ തന്നെയാണ് ചട്ടം 3(3)-ലും ആവർത്തിച്ചിരിക്കുന്നത് എന്നതിനാൽ ചട്ടം 3(3) ഒഴിവാക്കി ചട്ടം 3(4)-നെ 3(3) എന്ന് പുനഃക്രമീകരണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാരിൽ നിന്നും ലഭിച്ച മറുപടി

(6-10-2015-ലെ 12334/ജെ2/2013/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

### സമിതിയുടെ തുടർശിപാർശ

അനുബന്ധം 2-ലെ ചട്ടം 2(1)(സി) പ്രകാരം "(3)-ാം ഉപചട്ടം വിട്ടുകളയേണ്ടതാണ്" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ നിലവിലുള്ള ചട്ടം 3(4)-നെ 3(3) ആയി പുനഃക്രമീകരണം നടത്തിയിട്ടില്ലായെന്ന് നിരീക്ഷിച്ച സമിതി ആയത് പുനഃക്രമീകരണം നടത്തി ചട്ടം ഭേദഗതി വരുത്തണമെന്ന് നിർദ്ദേശിക്കുന്നു.

### ഖണ്ഡിക 34

34. <u>ചട്ടങ്ങളുടെ അവസാനം "ഗവൺമെൻറ് സെക്രട്ടറി" എന്നത് "ഗവൺമെന്റ് സെക്രട്ടറി" എന്ന് തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

(6-10-2015-ലെ 12334/ജെ2/2013/തൊഴിൽ നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയത്)

<u>സമിതിയുടെ തുടർശിപാർശ</u>

അനുബന്ധം 3 ആയ എസ്.ആർ.ഒ. നമ്പർ 449/2015-ലെ (iii)-ൽ സമിതി ആവശ്യപ്പെട്ട പ്രകാരമുള്ള തിരുത്തൽ അല്ല വരുത്തിയിരിക്കുന്നത് എന്ന് നിരീക്ഷിച്ച്, ആയത് വീണ്ടും തിരുത്തൽ വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

എം. ഉമ്മർ,

*ചെയർമാൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,

2015 ഡിസംബർ 15.

അനുബന്ധം 1

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, ബുധൻ<br>Thiruvananthapuram, Wednesday | 2015 ജൂലൈ 8<br>8th July 2015<br>1190 മിഥുനം 23<br>23rd Mithunam 1190<br>1937 ആഷാഢം 17<br>17th Ashadha 1937 | നമ്പർ<br>No. 1660 |

## GOVERNMENT OF KERALA

### Labour and Skills (J) Department

### ERRATUM

G. O. (P) No.72/2015/LBR. *Dated, Thiruvananthapuram, 23rd June, 2015*
*8th, Mithunam 1190.*

**S. R. O. No. 450/2015.**—In the notification issued under G. O. (P) No. 69/2007/LBR, dated 6th June, 2007 and published as S. R. O. No. 515/2007 in the Kerala Gazette Extraordinary No. 1108 dated 14th June, 2007, in the Explanatory Note, *for* "Kerala Handloom Workers Cess Act, 2007" *read* "Kerala Handloom Workers' Welfare Cess Act, 2007".

By order of the Governor,

TOM JOSE,
*Principal Secretary to Government.*

**Explanatory Note**

(This does not form part of the erratum, but is intended to indicate its general purport.)

The Subordinate Legislation Committee (2011-2014) in its fourteenth report have recommended the Government to issue an erratum notification for correcting the mistake crept in the Explanatory Note to the Notification issued as S. R. O. No. 515/2007 dated 14th June, 2007. Government have decided to issue an erratum for rectifying the mistake.

The erratum is intended to achieve the above object.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2015.

അനുബന്ധം 2.

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2015 ജൂലൈ 8<br>8th July 2015<br>1190 മിഥുനം 23<br>23rd Mithunam 1190<br>1937 ആഷാഢം 17<br>17th Ashadha 1937 | നമ്പർ<br>No. 1658 |

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 70/2015/തൊഴിൽ. *തിരുവനന്തപുരം, 2015 ജൂൺ 23 / 1190 മിഥുനം 8.*

**എസ്. ആർ. ഒ. നമ്പർ 448/2015.**—2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റിന്റെ (2007-ലെ 10) 18-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2008 ജനുവരി 4-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 6/2008/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2008 ജനുവരി 8-ാം തീയതിയിലെ 66-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 28/2008 ആയി പ്രസിദ്ധീകരിച്ചതുമായ 2008-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനായി താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :—

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2015-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2008-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങളിൽ,—

(1) 3-ാം ചട്ടത്തിൽ,—

(എ)(1)-ാം ഉപചട്ടത്തിന് പകരം താഴെ പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത് :—

"(1) 3-ാം വകുപ്പുപ്രകാരം സെസ്സ് അടയ്ക്കുവാൻ ബാദ്ധ്യസ്ഥനായ ഓരോ വ്യാപാരിയും മുൻ സാമ്പത്തികവർഷത്തെ തന്റെ മൊത്ത വിൽപ്പനത്തുക കാണിച്ച് ഫോറം I-ലെ റിട്ടേൺ അസസ്സിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.";

(ബി)(2)-ാം ഉപചട്ടത്തിൽ, "റിട്ടേൺ" എന്ന വാക്കിനുശേഷം "എല്ലാ വർഷവും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (3)-ാം ഉപചട്ടം വിട്ടുകളയേണ്ടതാണ്.

(2) 4-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടത്തിൽ "അടുത്ത മാസം" എന്ന വാക്കുകൾക്കു പകരം "എല്ലാ മാസവും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) 5-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടത്തിലെ "അടുത്ത വർഷം" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(4) 6-ാം ചട്ടത്തിൽ,—

(എ) "രജിസ്റ്ററുകളും രേഖകളും" എന്ന മാർജിനൽ ശീർഷകത്തിനു പകരം "രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ്" എന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്;

(ബി) (3)-ാം ഉപചട്ടത്തിൽ,—

(i) "വ്യാപാരിയുടെ സ്ഥാപനത്തിൽ സന്ദർശനം നടത്തുമ്പോൾ കാണുന്ന തെറ്റുകളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിന്" എന്ന വാക്കുകൾക്ക് പകരം "വ്യാപാരിയുടെ സ്ഥാപനത്തിൽ പരിശോധന നടത്തുമ്പോൾ കാണുന്ന സെസ്സ് അടവും രേഖകൾ സൂക്ഷിക്കുന്നതു സംബന്ധിച്ചുള്ള ന്യൂനതകളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "വിസിറ്റ് ബുക്ക്" എന്ന വാക്കിനുശേഷം "ഫാറം IIIA"എന്ന വാക്കും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്;

(സി) (5)-ാം ഉപചട്ടത്തിൽ, "അവസാന വിവരങ്ങൾ രേഖപ്പെടുത്തിയതിനുശേഷം" എന്ന വാക്കുകൾക്കു പകരം "വിവരങ്ങൾ അവസാനമായി രേഖപ്പെടുത്തിയതിനുശേഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(4) 7-ാം ചട്ടത്തിൽ,—

(എ) "വ്യാപാരി രജിസ്റ്റർ" എന്ന മാർജിനൽ ശീർഷകത്തിനു പകരം "വ്യാപാരി രജിസ്ട്രേഷൻ"എന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്;

(ബി) (4)-ാം ഉപചട്ടത്തിനു പകരം താഴെ പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത് :—

"(4) വ്യാപാരിയുടെയോ സ്ഥാപനത്തിന്റെയോ പദവിയിൽ വരുന്ന ഏതൊരു മാറ്റവും മാറ്റം വന്ന് പത്ത് ദിവസങ്ങൾക്കകം അസസ്സിംഗ് ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ആവശ്യമായ വ്യതിയാനങ്ങളോ തിരുത്തലുകളോ ഭേദഗതികളോ വരുത്തിക്കേണ്ടതുമാണ്.";

(5) 8-ാം ചട്ടത്തിൽ,—

(എ) (1)-ാം ഉപചട്ടത്തിനു പകരം താഴെ പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(1) ഓരോ വ്യാപാരിയുടെയും ഓരോ സാമ്പത്തികവർഷത്തെയും വ്യാപാരി അടയ്ക്കേണ്ടതായ സെസ്സ് തുക, വ്യാപാരിക്ക് വിറ്റുവരവും സെസ്സ് അടച്ചതു സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും ഹാജരാക്കുന്നതിനും അദ്ദേഹത്തിന്റെ വാദം കേൾക്കുന്നതിനും ഒരവസരം നൽകിയതിനുശേഷം അസസ്സിംഗ് ഓഫീസർ നിർണ്ണയിക്കേണ്ടതാണ്.";

(ബി) (2)-ാം ഉപചട്ടത്തിൽ,—

(i) "രേഖകളുടെ പരിശോധനയിൽ" എന്ന വാക്കുകൾക്കു ശേഷം "വ്യാപാരി" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) "ഒരു തിട്ടപ്പെടുത്തൽ ഉത്തരവ്" എന്ന വാക്കുകൾക്കു ശേഷം "വ്യാപാരിക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(സി) (3)-ാം ഉപചട്ടത്തിൽ,—

(i) "3-ാം ചട്ടപ്രകാരം നൽകിയ റിട്ടേണിലെ വിവരങ്ങൾ ശരിയാണെന്ന് സ്ഥാപിക്കുന്നതിൽ പരാജയപ്പെട്ടാലോ" എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും അക്കത്തിനും പകരം "3-ാം ചട്ടപ്രകാരം നൽകിയ റിട്ടേണിലെ

വിവരങ്ങൾ തെറ്റാണെന്ന് കാണുകയും അവ ശരിയാണെന്ന് സ്ഥാപിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്താലോ'' എന്ന വാക്കുകളും അക്കവും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ii) ''സമർപ്പിക്കുന്നതിന് അവസരം നൽകിക്കൊണ്ട്'' എന്ന വാക്കുകൾക്കു പകരം "സമർപ്പിക്കുന്നതിന് ഒരവസരം നൽകിക്കൊണ്ട്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(6) 9-ാം ചട്ടത്തിൽ,—

(എ) "(1)" എന്ന അക്കവും ബ്രാക്കറ്റുകളും വിട്ടുകളയേണ്ടതാണ്,—

(ബി) (എ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

''(എ) ഒരു വ്യാപാരിയുടെ ഏതെങ്കിലും സ്ഥാപനത്തിലോ വ്യാപാരസ്ഥലത്തോ ന്യായമായ ഏതൊരു സമയത്തും അദ്ദേഹത്തിന് ആവശ്യമെന്നു തോന്നുന്ന ഏതൊരു സഹായത്തോടുംകൂടി പ്രവേശിക്കുകയോ;'';

(7) 10-ാം ചട്ടത്തിൽ,—

(എ) "അവധി കഴിഞ്ഞ തുക ഈടാക്കൽ'' എന്ന മാർജിനൽ ശീർഷകത്തിനു പകരം "അടയ്ക്കാൻ വീഴ്ച വരുത്തിയ തുക ഈടാക്കൽ" എന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്;

(ബി) "കുടിശ്ശികയെന്ന രീതിയിൽ'' എന്ന വാക്കുകൾക്ക് ശേഷം, "വ്യാപാരിയിൽ നിന്നും'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(8) 11-ാം ചട്ടത്തിൽ,—

(എ) (1)-ാം ഉപചട്ടത്തിൽ, "നൽകിയിരിക്കേണ്ടതാണ്'' എന്ന വാക്കിന് പകരം "സമർപ്പിച്ചിരിക്കേണ്ടതാണ്'' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (3)-ാം ഉപചട്ടം (ബി) ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബി) തർക്കത്തിലുള്ള തുകയുടെയോ, പിഴയുടെയോ, രണ്ടും കൂടിയ തുകയുടെയോ, അതതുസംഗതിപോലെ, ഒരു ശതമാനത്തിന് തുല്യമായ തുകയ്ക്ക് അതോറിറ്റിയുടെ പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ്;'';

(സി) (5)-ാം ഉപചട്ടത്തിനു പകരം താഴെ പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(5) അപ്പീൽ മെമ്മോറാണ്ടം ലഭിക്കുന്ന മുറയ്ക്ക് അസസ്സിംഗ് ഓഫീസർ അപ്പീൽ മെമ്മോറാണ്ടത്തിലെ ഓരോ ഖണ്ഡികയേയും സംബന്ധിച്ചുള്ള വിശദീകരണം ആവശ്യമായ പകർപ്പുകൾ സഹിതം അപ്പീൽ അധികാരി നിശ്ചയിച്ച സമയത്തിനകം സമർപ്പിച്ചിരിക്കേണ്ടതാണ്.";

(ഡി) (4), (6), (7), (9), (10) എന്നീ ഉപചട്ടങ്ങളിൽ "അപ്പലേറ്റ് അതോറിറ്റി" എന്ന വാക്കുകൾക്ക് പകരം "അപ്പീൽ അധികാരി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(9) (എ) ഫോറം I-ൽ,—

(i) "വിറ്റുവരവും സെസ്സും സംബന്ധിച്ച റിട്ടേൺ" എന്ന വാക്കുകൾക്കു പകരം "വാർഷിക വിറ്റുവരവും സെസ്സും സംബന്ധിച്ച റിട്ടേൺ" എന്ന വാക്കുകളും "മുതൽ...........വരെ..........." എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "............മുതൽ............വരെ" എന്ന വാക്കുകളും ചിഹ്നങ്ങളും "ചെലാൻ ഡി.ഡി. നമ്പർ" എന്ന വാക്കുകൾക്കു പകരം "ചെലാൻ/ഡി.ഡി. നമ്പർ" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ii) "വ്യാപാരിയുടെ ഒപ്പ്" എന്ന വാക്കുകൾക്ക് പകരം "വ്യാപാരിയുടെ പേരും ഒപ്പും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) ഫോറം I എ-ൽ,—

(i) "മാസം" എന്ന വാക്കിനു പകരം "മാസവും വർഷവും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (1)-ാം കോളത്തിന്റെ ശീർഷകത്തിനു പകരം താഴെപ്പറയുന്ന ശീർഷകം ചേർക്കേണ്ടതാണ്, അതായത്:—

"നടപ്പു സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന വിറ്റുവരവോ മുൻവർഷത്തേക്ക് തിട്ടപ്പെടുത്തിയ വിറ്റുവരവോ.";

(iii) "വ്യാപാരിയുടെ ഒപ്പ്" എന്ന വാക്കുകൾക്ക് പകരം "വ്യാപാരിയുടെ പേരും ഒപ്പും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) ഫോറം II-ൽ "വ്യാപാരിയുടെ ഒപ്പ്" എന്ന വാക്കുകൾക്ക് പകരം "വ്യാപാരിയുടെ പേരും ഒപ്പും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) "ഫോറം III"-നു ശേഷം താഴെ കാണുന്ന ഫോറം ചേർക്കേണ്ടതാണ്, അതായത്:—

"കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ, 2008

ഫോറം IIIA

[ചട്ടം 6(3) കാണുക]

**വിസിറ്റ് ബുക്ക്**

വ്യാപാരിയുടെ പേര് :

സ്ഥാപനത്തിന്റെ വിലാസം :

രജിസ്ട്രേഷൻ നമ്പർ :

| *പരിശോധന തീയതി, സമയം* | *പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ* | *പരിഹരിച്ച ന്യൂനതകൾ* | *അസസ്സിംഗ്/അധികാരപ്പെടുത്തിയ ഓഫീസറുടെ പേരും ഒപ്പും അഭിപ്രായക്കുറിപ്പും* |
|---|---|---|---|
| (1) | (2) | (3) | (4) |
| | | | |

".

(ഇ) ഫോറം IV-ൽ, (4)-ാം കോളത്തിൽ, "രജിസ്റ്റർ നമ്പർ" എന്ന ശീർഷകത്തിനു പകരം "രജിസ്ട്രേഷൻ നമ്പർ" എന്ന ശീർഷകം ചേർക്കേണ്ടതാണ്;

(എഫ്) ഫോറം IVഎ-ൽ, (4)-ാം കോളത്തിൽ "രജിസ്റ്റർ നമ്പർ" എന്ന ശീർഷകത്തിനു പകരം "രജിസ്ട്രേഷൻ നമ്പർ" എന്ന ശീർഷകം ചേർക്കേണ്ടതാണ്;

(ജി) ഫോറം X-ൽ "മേൽക്കാണിച്ച ട്രഷറി കണക്കുകളുമായി താരതമ്യം ചെയ്തിട്ടുണ്ടെന്നും" എന്ന വാക്കുകൾക്കു പകരം "മേൽക്കാണിച്ച തുകകൾ ട്രഷറി കണക്കുകളുമായി താരതമ്യം ചെയ്തിട്ടുണ്ടെന്നും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റിന്റെ (2007-ലെ 10) 18-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2008 ജനുവരി 4-ാം തീയതി യിലെ ജി. ഒ. (പി) നമ്പർ 6/2008/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2008 ജനുവരി 8-ാം തീയതിയിലെ 66-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 28/2008 ആയി പ്രസിദ്ധീകരിച്ചതുമായ 2008-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങളിൽ ചില ഭേദഗതികൾ വരുത്തണമെന്ന് സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14) സമിതിയുടെ 14-ാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്യുകയുണ്ടായി. സമിതി നൽകിയ ശിപാർശയുടെ വെളിച്ചത്തിൽ പ്രസ്തുത ചട്ടങ്ങൾക്ക് ഒരു ഭേദഗതി ചട്ടം പുറപ്പെടുവിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കപ്പെട്ടത്, 2016.

അനുബന്ധം 3

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2015 ജൂലൈ 8<br>8th July 2015<br>1190 മിഥുനം 23<br>23rd Mithunam 1190<br>1937 ആഷാഢം 17<br>17th Ashadha 1937 | നമ്പർ<br>No. 1659 |


## കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്

### തിരുത്തൽ വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 71/2015/തൊഴിൽ. *തിരുവനന്തപുരം, 2015 ജൂൺ 23 / 1190 മിഥുനം 8.*

എസ്. ആർ. ഒ. നമ്പർ 449/2015.—2008 ജനുവരി 4-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 6/2008/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2008 ജനുവരി 8-ാം തീയതിയിലെ 66-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 28/2008 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിൽ,

(i) ഫാറം IV-ലെ (12)-ാം കോളത്തിൽ "അസ്സസ്സിംഗ്" എന്നത് "അസസ്സിംഗ്" എന്ന് വായിക്കേണ്ടതാണ്;

(ii) ഫാറം V-ലെ (6)-ാം കോളത്തിൽ "അസ്സസ്സിംഗ്" എന്നത് "അസസ്സിംഗ്" എന്ന് വായിക്കേണ്ടതാണ്;

(iii) ഫാറം XI-നു ശേഷം വരുന്ന "ഗവൺമെൻറ് സെക്രട്ടറി" എന്നത് "ഗവൺമെന്റ് സെക്രട്ടറി" എന്ന് വായിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഈ വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ 14-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 2008 ജനുവരി 4-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 6/2008 തൊഴിൽ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2008 ജനുവരി 8-ാം തീയതിയിലെ 66-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 28/2008 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിൽ സംഭവിച്ച പിശകുകൾ തിരുത്തി വിജ്ഞാപനം ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

അനുബന്ധം 4

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2015 ജൂലൈ 8<br>8th July 2015<br>1190 മിഥുനം 23<br>23rd Mithunam 1190<br>1937 ആഷാഢം 17<br>17th Ashadha 1937 | നമ്പർ<br>No. 1657 |

## GOVERNMENT OF KERALA

### Labour and Skills (J) Department

### ERRATUM

G.O. (P) No. 69/2015/LBR. *Dated, Thiruvananthapuram, 23rd June, 2015 / 8th Mithunam 1190.*

**S. R. O. No. 447/2015.**—In the notification issued under G. O. (P) No. 70/2008/LBR, dated 6th May, 2008 and published as S. R. O. No. 560/2008 in the Kerala Gazette Extraordinary No. 1064 dated 27th May, 2008, in the preamble and in the Explanatory Note, *for* "Workers" *read* "Workers' ".

By order of the Governor,

TOM JOSE,
*Principal Secretary to Government.*

## Explanatory Note

(This does not form part of the erratum, but is intended to indicate its general purport.)

The Subordinate Legislation Committee (2011-2014) in its fourteenth report have recommended the Government to issue an erratum notification for correcting the omissions crept while issuing S. R. O. No. 560/2008 dated 27th May, 2008. Government have decided to issue an erratum for rectifying the omissions.

The erratum is intended to achieve the above object.